ഭരണഭാഷ- മാതൃഭാഷ

**ഇ**$_1$ **- 4533/09**

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്
സിവിൽ സ്റ്റേഷൻ, രണ്ടാം നില
കാക്കനാട് എറണാകുളം

Email- ddp.ekm@gmail.com
Ph No: 0484- 2422219
**തീയതി 15/10/2018**

## ലേലം – ക്വട്ടേഷൻ പരസ്യം

എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അധീനതയിലുള്ള ***2008 മോഡൽ അംബാസഡർ കാർ (Grand 2.0 DSZ)*** പ്രവർത്തനക്ഷമമല്ലാത്തതിനാൽ ബഹു.. പഞ്ചായത്ത് ഡയറക്ടറുടെ 21/06/2018 തീയതിയിലെ G3-29072/2017 നമ്പർ ഉത്തരവ് പ്രകാരം **30.10.2018** ചൊവ്വാഴ്ച ആയതിൻറെ നിൽപ്പ് സ്ഥിതിയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോ , അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ , കാക്കനാട് സിവിൽ സ്റ്റേഷനിലുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയത്തിലെ കോൺഫറൻസ് ഹാളിൽ വച്ച് പൊതു ലേലം/ ക്വട്ടേഷൻ വ്യവസ്ഥ പ്രകാരം വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ **11.00** മണിയ്ക്ക് പ്രസ്തുത വാഹനത്തിൻെറ പരസ്യ ലേലം നടത്തുന്നതും, ലേലത്തിൽ ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്യുന്നയാൾ ലേല തുകയുടെ പകുതി അപ്പോൾ തന്നെ അടയ്ക്കേണ്ടതുമാണ് . ലേലത്തെ തുടർന്ന് അന്നേ ദിവസം ഉച്ചയ്ക്ക് **02.00** മണിയ്ക്ക്, **30.10.2018** തീയതി രാവിലെ **10.00 മണി** വരെ ലഭിച്ചിട്ടുള്ള ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതായിരിക്കും . ലേലത്തിലോ/ ക്വട്ടേഷനിലോ ഏതിലാണോ ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്തിട്ടുള്ളത് ആ വ്യക്തിയുടെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതായിരിക്കും. ഏതെങ്കിലും കാരണവശാൽ പ്രസ്തുത ലേലം/ക്വട്ടേഷൻ നടക്കാതെ വരികയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും, സ്ഥലത്തും വച്ച് ലേലം/ ക്വട്ടേഷൻ നടത്തുന്നതാണ്. ക്വട്ടേഷനിൽ ലേലത്തേക്കാൾ ഉയർന്ന തുക ക്വാട്ട് ചെയ്യപ്പെട്ടാൽ അപ്രകാരം ചെയ്യുന്ന വ്യക്തി ടി തുകയുടെ പകുതി തുക അപ്പോൾ തന്നെ പണമായി ഓഫീസിൽ അടവാക്കേണ്ടതാണ്.

*(മറുപുറം)*

(ക്വട്ടേഷൻ ഫാറം 29.10.2018 വ്യാഴാഴ്ച വൈകുന്നേരം 04.00 മണി വരെ പ്രവർത്തി സമയങ്ങളിൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ നിന്നും കൈപ്പറ്റാവുന്നതാണ്.) പൂരിപ്പിച്ച ഫോമുകൾ 30.10.2018 തീയതി രാവിലെ 10.00 മണിക്ക് മുമ്പായി മുദ്ര വച്ച കവറിൽ സമർപ്പിക്കേണ്ടതാണ്.

| വാഹനത്തിൻെറ നമ്പർ | മോഡൽ | നിരത ദ്രവ്യം (രൂപ) |
|---|---|---|
| **KL-01 AS 9848** | **2008 മോഡൽ** *അംബാസഡർ കാർ (Grand 2.0 DSZ)* | **1,500/-** |

# നിബന്ധനകൾ

**1)** മേൽ പറയുന്ന വാഹനം ലേലം/ക്വട്ടേഷൻ സമർപ്പിക്കുന്നതിന് മുമ്പായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുവാദത്തോടെ നേരിൽ പരിശോധിച്ച് ഗുണനിലവാരം ബോദ്ധ്യപ്പെടാവുന്നതാണ്. ഗുണ നിലവാരം സംബന്ധിച്ച് ലേലത്തിന് ശേഷം ഉന്നയിക്കുന്ന യാതൊരു പരാതിയും പരിഗണിക്കുന്നതല്ല.

**2)** ലേലത്തിൽ പങ്കെടുക്കുന്നവർ/ ക്വട്ടേഷൻ സമർപ്പിക്കുന്നവർ അവരെ തിരിച്ചറിയുന്നതിന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡ്/ ബന്ധപ്പെട്ട വില്ലേജ് ആഫീസർ നൽകിയ പൂർണ്ണ മേൽവിലാസം, ഒപ്പ് എന്നിവ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്/ ഇന്ത്യൻ പാസ്സ്പോർട്ട്/ ഡ്രൈവിംഗ് ലൈസൻസ്/ മറ്റ് നിയമാനുസൃത തിരിച്ചറിയൽ രേഖകളിൽ ഏതെങ്കിലും ഒന്ന് സഹിതം ഹാജരാകേണ്ടതാണ്. GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൻെറ പകർപ്പ് ഹാജരാക്കേണ്ടതാണ്.

**3)** നിരതദ്രവ്യം **1500/-** രൂപ പണമായി കെട്ടിവയ്ക്കേണ്ടതാണ്. വിജയിയായ ആളിൻെറ നിരതദ്രവ്യം വിൽപ്പന വിലയിലേയ്ക്ക് നീക്കി വയ്ക്കുന്നതും, മറ്റുള്ളവരുടെ നിരതദ്രവ്യം ലേലത്തിന് ശേഷം തിരികെ നൽകുന്നതുമാണ്. നിരതദ്രവ്യം ഉൾപ്പെടെ **50%** തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന വിജയിയുടെ നിരതദ്രവ്യം സർക്കാരിലേയ്ക്ക് കണ്ടുകെട്ടി അവരുടെ നഷ്ടോത്തരവാദിത്വത്തിൽ വാഹനം പുനർ ലേലം ചെയ്യുന്നതായിരിക്കും.

**4)** അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ലേലം/ക്വട്ടേഷൻ സ്ഥിരീകരിച്ചാലുടൻ വിജയികളെ വിവരം അറിയിക്കുന്നതാണ്. അപ്രകാരമുള്ള അറിയിപ്പ് കിട്ടി **15** ദിവസങ്ങൾക്കുള്ളിൽ ബാക്കി സംഖ്യയും, നിയമാനുസൃത നികുതികളും **(GST** ഉൾപ്പെടെ**)** അടച്ച് വാഹനം നീക്കം ചെയ്യേണ്ടതാണ്.

*(മറുപുറം)*

**5)** മേൽ പ്രകാരം വാഹനം നീക്കം ചെയ്യില്ലെങ്കിൽ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ വാഹനം പുനർ ലേലം ചെയ്യുന്നതും, നഷ്ടമുണ്ടായാൽ ലേല ചെലവ് ഈടാക്കുന്നതുമായിരിക്കും. ലാഭമുണ്ടായാൽ അതിൻമേൽ ടിയാന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

**6)** ക്വട്ടേഷൻ സമർപ്പിക്കുന്നവർ ഇതോടൊപ്പം കൊടുത്തിട്ടുള്ള **Annexure – I** ഫാറം പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്.

**7)** ക്വട്ടേഷനോടൊപ്പം സമർപ്പിക്കുന്നയാളിന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് , GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, നിരതദ്രവ്യം അടച്ച രസീതിന്റെ പകർപ്പ് എന്നിവ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**8)** ലേലം സ്വീകരിക്കാനും, നിരാകരിക്കാനുമുള്ള അധികാരം എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിലും, തിരുവനന്തപുരം പഞ്ചായത്ത് ഡയറക്ടറിലും നിക്ഷിപ്തമായിരിക്കും.

**9)** ലേലം സംബന്ധമായി പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ലേലത്തിന് ബാധകമായിരിക്കും.

OFFICE OF THE DEPUTY DIRECTOR OF PANCHAYATS ERNAKULAM

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
എറണാകുളം

# <u>അനക്സർ – 1</u>

## KL-01 AS 9848 -2008 മോഡൽ *അംബാസഡർ കാർ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ*

| | | |
|---|---|---|
| 01 | ദർഘാസുകാരന്റെ പേര് | |
| 02 | അഡ്രസ്സ് | |
| 03 | മൊബൈൽ നമ്പർ | |
| 04 | ഹാജരാക്കുന്ന തിരിച്ചറിയൽ രേഖ | |
| 05 | നിരതദ്രവ്യം അടവാക്കിയ രസീത് നമ്പർ / തീയതി | |
| 06 | ജി. എസ്. ടി . രജിസ്ട്രേഷൻ നമ്പർ | |
| 07 | വാഹനത്തിന് കണക്കാക്കിയിട്ടുള്ള വില (രൂപ) | |

**സ്ഥലം** **(ഒപ്പ്)**

**തീയതി** **ക്വട്ടേഷൻ സമർപ്പിക്കുന്ന ആളുടെ പേര്**

**മേൽ വിലാസം**